"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ രസീത് ബുക്കുകൾ ദുരുപയോഗം ചെയ്തത് സംബന്ധിച്ച ധനകാര്യ പരിശോധന(എൻറ്റിഎഫ്)വകുപ്പിന്റെ റിപ്പോർട്ട് - കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (ഡി എ) വകുപ്പ്**

സ.ഉ.(സാധാ) നം.1157/2026/RD തീയതി,തിരുവനന്തപുരം, 25-06-2026

പരാമർശം:-

1. ധനകാര്യ പരിശോധന (എൻറ്റിഎഫ്) വകുപ്പിന്റെ 05.07.2023 ലെ 951 /FIW-F1/2018 -FIN നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.03.2024 ലെ LR/11272/2023-LR(D4) നമ്പർ കത്ത്.
3. ജില്ലാ കളക്ടറുടെ 16.05.2024, 17.07.2025 തീയതികളിലെ DCKKD/11271/2023 -S3 നമ്പർ കത്തുകൾ.
4. കോഴിക്കോട് കലക്ടറേറ്റിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി.ജെസ്സി.പിയ്ക്കെതിരെയുള്ള 19.12.2025 ലെ ഡിഎ 3/150/2023/റവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും
5. റിട്ടയേർഡ് ഡെപ്യൂട്ടി കലക്ടർ ശ്രീമതി.റോഷ്നി നാരായണൻ, റിട്ടയേർഡ് ജൂനിയർ സൂപ്രണ്ട് ശ്രീമതി.ബിന്ദു.ഇ എന്നിവർക്കെതിരെയുള്ള 19.12.2025 ലെ ഡിഎ 3/150/2023/റവ നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ.
6. ശ്രീമതി.ബിന്ദു.ഇ, ശ്രീമതി.റോഷ്നി നാരായണൻ, ശ്രീമതി. ജെസ്സി.പി എന്നിവർ യഥാക്രമം 14.01.2026, 17.01.2026, 11.02.2026 തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ
7. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.04.2026 ലെ LR/11272/2023-LR(D4) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, വടകര താലൂക്ക് ഓഫീസുകളിൽ കോഴിക്കോട് ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് 2018 മാർച്ച് മാസം നടത്തിയ പരിശോധനയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ രസീത് ബുക്കുകൾ വ്യാപകമായി ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കലക്ടറേറ്റിലെ ഡി സെക്ഷനിലെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ സർക്കാർ കോഴിക്കോട് ജില്ലാ കലക്ടറേറ്റിലേക്ക് അനുവദിച്ച CMDRF രസീത് ബുക്കുകളിൽ നാല്പത്തിഒന്ന് എണ്ണം നഷ്ടപ്പെടുത്തിയതായി കണ്ടെത്തിയിരുന്നു. ഇക്കാര്യം 2018 മാർച്ച് മാസം തന്നെ ജില്ലാ കലക്ടറേറ്റിലെ ഡെപ്യൂട്ടി കലക്ടർ (ജനറൽ), ഹുസൂർ ശിരസ്തദാർ, ഡി സെക്ഷൻ ജൂനിയർ സൂപ്രണ്ട് എന്നിവരെ അനൗദ്യോഗികമായി അറിയിച്ച് ഉത്തരവാദികളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫലവത്തായ നടപടി സ്വീകരിക്കാതെ ധനകാര്യ വകുപ്പിൽ നിന്നും വിവിധ കാലയളവുകളിലായി കോഴിക്കോട് കളക്ടറേറ്റിലേക്ക് നൽകിയിട്ടുള്ള ഇരുന്നൂറ്റിപതിനൊന്നു CMDRF രസീത് ബുക്കുകളിൽ നൂറ്റൻപത് രസീത് ബുക്കുകൾ കലക്ടറേറ്റിൽ നിന്നും വിതരണം ചെയ്തതായും ഇരുപത് രസീത് ബുക്കുകൾ ഉപയോഗിക്കാതെ കൈവശമുള്ളതായും നാല്പത്തൊന്നു രസീത് ബുക്കുകളുടെ കാര്യം പരാമർശിക്കാതെയും 14.05.2018 ലെ DCKKD/6886/18-D1 നമ്പർ കത്ത് പ്രകാരം ധനകാര്യ വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുകയാണുണ്ടായത്. ഇതിനെ തുടർന്ന് 23.10.2018 മുതൽ 26.10.2018 വരെ

സർക്കാരിലെ ധനകാര്യ പരിശോധന (എൻറ്റിഎഫ്) വകുപ്പിന്റെ നേതൃത്വത്തിൽ കോഴിക്കോട് കലക്ടറേറ്റിൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ടി റിപ്പോർട്ടിൽ, ബോധപൂർവമായ കൃത്യവിലോപം, അഴിമതി മൂടിവയ്ക്കൽ, സാമ്പത്തിക തിരിമറി, കുറ്റക്കാരെ സംരക്ഷിക്കൽ, അന്വേഷണം തടസ്സപ്പെടുത്തൽ, അധികാര ദുർവിനിയോഗം, വ്യാജ പരാതി സൃഷ്ടിക്കൽ എന്നിവയ്ക്ക് ഉത്തരവാദികളായ ശ്രീമതി.റോഷ്നി നാരായണൻ(ഡെപ്യൂട്ടി കലക്ടർ(ജനറൽ)), ശ്രീമതി.ബിന്ദു.ഇ(ജൂനിയർ സൂപ്രണ്ട്), ശ്രീമതി.ജെസ്സി.പി (സീനിയർ ക്ലാർക്ക്) എന്നിവർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ധനകാര്യ പരിശോധന (എൻറ്റിഎഫ്) വകുപ്പ് ശിപാർശ ചെയ്തിരുന്നു. ടി ശിപാർശയനുസരിച്ച്, സേവനത്തിൽ തുടരുന്ന(നിലവിൽ കുന്നമംഗലം വില്ലേജ് ഓഫീസർ) ശ്രീമതി.ജെസ്സി.പിയ്ക്കെതിരെ 1960 ലെ കേരള സിവിൽ സർവീസസ്(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരവും സേവനത്തിൽ നിന്നും വിരമിക്കുകയും മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും നൽകുകയും ചെയ്ത റിട്ടയേർഡ് ഡെപ്യൂട്ടി കലക്ടർ ശ്രീമതി.റോഷ്നി നാരായണൻ, റിട്ടയേർഡ് ജൂനിയർ സൂപ്രണ്ട് ശ്രീമതി.ബിന്ദു.ഇ എന്നിവർക്കെതിരെ കേരള സർവീസ് ചട്ടങ്ങൾ ഭാഗം 3 ചട്ടം 59 (ഡി) പ്രകാരവും വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിക്കുവാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് ശ്രീമതി.ജെസ്സിയ്ക്ക് പരാമർശം (4) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും ശ്രീമതി.റോഷ്നി നാരായണനും ശ്രീമതി.ബിന്ദുവിനും പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസുകളും നൽകുകയുണ്ടായി. ആയതിന് കുറ്റാരോപിതർ പരാമർശം (6) പ്രകാരം പ്രതിവാദപത്രികകൾ സമർപ്പിക്കുകയുണ്ടായി.

2. പ്രതിവാദപത്രികയിലെ കുറ്റാരോപിതരുടെ വാദങ്ങൾ താഴെ നൽകുന്നു.

**i. ശ്രീമതി.ബിന്ദു.ഇ, ജൂനിയർ സൂപ്രണ്ട്(റിട്ട.)**

31.05.2025 ന സർവീസിൽ നിന്ന് വിരമിച്ച താൻ 01.07.2016 ലാണ് കോഴിക്കോട് കലക്ടറേറ്റിലെ ഡി സെക്ഷനിൽ ജൂനിയർ സൂപ്രണ്ടായി ചാർജ് എടുത്തത്. ഈ സമയത്തു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്ന വിഷയം ഡി സെക്ഷനിൽ കൈകാര്യം ചെയ്യുന്നുണ്ടായിരുന്നില്ല. ഇതു കലക്ടറേറ്റിലെ എഫ് സെക്ഷനിലെ വിഷയമായിരുന്നു. 01.11.2016 മുതലാണ് ഈ വിഷയം താൻ ജൂനിയർ സൂപ്രണ്ടായിട്ടുള്ള ഡി സെക്ഷനിലേക്കു മാറ്റിയത്. എഫ് സെക്ഷനിൽ നിന്നും വിഷയം കൈകാര്യം ചെയ്തിരുന്ന ക്ലർക്കിനെ ഉൾപ്പെടെയാണ് തന്റെ സെക്ഷനിലേക്കു മാറ്റിയത്. ഈ ക്ലാർക്ക് 09.03.2016 ന് ആണ് മേൽപ്പറഞ്ഞ വിഷയത്തിന്റെ ചുമതല ഏറ്റെടുത്ത്. ആ ദിവസം തന്നെ അവർ പ്രസ്തുത സീറ്റിലെ ഫയലുകളും രജിസ്റ്ററുകളും ഏറ്റെടുക്കുന്ന കൂട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ, രസീത് ബുക്കുകൾ, കാണ്ടർ ഫോയിലുകൾ എന്നിവ തന്റെ മുൻഗാമിയിൽ നിന്നും ഏറ്റെടുത്തതായി ചാർജ് ഹാൻഡ് ഓവർ രജിസ്റ്റർ പ്രകാരം കാണുന്നു. അതുകൊണ്ടുതന്നെ ബന്ധപ്പെട്ട രജിസ്റ്ററുകളോ രസീത് ബുക്കുകളോ ജൂനിയർ സുപ്രണ്ടായ തനിക്കല്ല ചാർജ് കൈമാറിയത് എന്ന് വ്യക്തമാണ്. നിലവിലുള്ള സംവിധാന പ്രകാരം ക്ളാർക്കുമാർക്കാണ് ഇവ കൈമാറ്റം ചെയ്തു നൽകുന്നത്. ഇപ്രകാരം അവർ ഏറ്റെടുത്ത എല്ലാ കാര്യങ്ങളും അവർ ഡി സെക്ഷനിലേക്കു എത്തുമ്പോൾ കൈവശമുണ്ടെന്നും അവ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും താൻ ഉറപ്പാക്കിയതാണ്. ഇവയെല്ലാം തന്നെ താൻ 10.02.2020 ന ഡി സെക്ഷനിൽ നിന്നും സ്ഥലം മാറുമ്പോൾ സെക്ഷനിൽ ഉണ്ടായിരുന്നു. ഇക്കാര്യങ്ങളെല്ലാം ധനകാര്യ പരിശോധന വിഭാഗത്തെ ബോധ്യപ്പെടുത്തിയതും അവർ പരിശോധിച്ചതുമാണ്. ജൂനിയർ സൂപ്രണ്ട് എന്ന നിലയിൽ രസീത് ബുക്കുകളിൽ ഒന്നുപോലും താൻ അലക്ഷ്യമായി കൈകാര്യം ചെയ്തിട്ടില്ല. താൻ ഡി സെക്ഷന്റെ ജൂനിയർ സുപ്രണ്ടായി ചാർജ് എടുത്ത ശേഷം ലഭിച്ച എല്ലാ രേഖകളും രജിസ്റ്ററുകളും രസീതികളും പരിശോധന സമയത്തും തുടർന്നും സെക്ഷനിൽ ലഭ്യവുമായിരുന്നു. താൻ ചാർജ് എടുക്കുന്നതിനു മുൻപ്, മറ്റൊരു സെക്ഷനിൽ കൈകാര്യം ചെയ്ത രസീത് ബുക്കുകൾ നഷ്ടപ്പെട്ട വിവരം ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന സമയത്താണ് വ്യക്തമായത് . അക്കാര്യം ഉടനെ തന്നെ മേലുദ്യോഗസ്ഥരായ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെയും ജില്ലാകലക്ടറേയും നേരിട്ടും ഫയൽ വഴിയും അറിയിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന്, പരിശോധന നടന്ന ദിവസങ്ങളിൽ തന്നെ ജില്ലാ കലക്ടർ, ധനകാര്യ പരിശോധന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുമുണ്ട്. തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്താനായി Departmental Enquiry ക്കു ജില്ലാ കലക്ടർ ഉത്തരവാകുകയാണുണ്ടായത്. ഇക്കാര്യം പോലീസിൽ അറിയിക്കുക എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ജൂനിയർ സുപ്രണ്ടായ താനല്ല. ജില്ലാ കലക്ടറാണ് എന്ന കാര്യവും ബോധിപ്പിക്കുന്നു. താൻ CMDRF വിഷയം കൈകാര്യം ചെയ്ത കാലയളവിൽ ഏതെങ്കിലും രസീതി ബുക്കോ രജിസ്റ്ററോ നഷ്ടപ്പെട്ടിട്ടില്ല എന്ന കാര്യം അറിയിക്കുന്നു. കാണാതായ രസീത് ബുക്കുകൾ,

ഈ വിഷയം ഡി സെക്ഷനിലേക്കു മാറ്റുന്നതിന് മുൻപായി നഷ്ടപ്പെട്ടവയാണ്. താൻ ഡി സെക്ഷനിൽ ജോലി ചെയ്ത കാലയളവിൽ ബന്ധപ്പെട്ട ക്ലാർക്കിന് ലഭിച്ച ഒരു രേഖയും നഷ്ടപ്പെട്ടിട്ടില്ല. ഇക്കാര്യം ധനകാര്യ പരിശോധന വിഭാഗത്തിന് വ്യക്തമായി മറുപടി നൽകിയിട്ടുണ്ട്. അന്വേഷണവുമായി ബന്ധപ്പെട്ട രേഖകൾ, ഫയലുകൾ, ചാർജ് ഹാൻഡ് ഓവർ രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ നൽകിയില്ല എന്ന ആരോപണം തീർത്തും വാസ്തവ വിരുദ്ധമാണ്. ബന്ധപ്പെട്ട ക്ലാർക്കിന് കൈമാറി ലഭിച്ച മേൽപ്പറഞ്ഞ എല്ലാ രേഖകളും ധനകാര്യ പരിശോധന വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഓഫീസിലെത്തി നേരിട്ട് പരിശോധിച്ചതാണ്. തുടർന്ന് അവ വീണ്ടും ആവശ്യപ്പെട്ടതനുസരിച്ച് 16.05.2019 ന് അവരുടെ ഓഫീസിലേക്ക് കൊടുത്തയക്കുകയും 21.05.2019 ന് തിരിച്ചു തന്നിരുന്നതുമാണ്. പരിശോധന വിഭാഗത്തിലെ ഉദ്യോഗസ്ഥരായ ശ്രീമതി.ബബിത, ശ്രീ.അനിൽ കുമാർ എന്നിവർ പലതവണ ഓഫീസിലെത്തി ഇവ പരിശോധിച്ചതാണ്. ഇവർ ആവശ്യപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ക്ലാർക്കിന്റെ കൈവശത്തിലുള്ളവയാണ്. ഓരോ തവണയും ഇവ പരിശോധനക്ക് നല്ലിയതുമാണ്. ഓഫീസിൽ ലഭ്യമായ ഏതെങ്കിലും രേഖ പരിശോധനക്ക് നൽകിയില്ലെന്ന് പരിശോധനവിഭാഗം ഉദ്യോഗസ്ഥർ സെക്ഷൻ ഹെഡ് ആയ തന്നോട് ആവശ്യപ്പെട്ടിട്ടില്ല. കണ്ടെത്താനാകാത്ത രസീത് ബുക്കുകളും മറ്റു സെക്ഷനിലെ രജിസ്റ്ററുകളും മാത്രമാണ് നൽകാൻ കഴിയാതിരുന്നത്. ഇക്കാര്യം രേഖാമൂലം അവരെ അറിയിക്കുകയും ചെയ്തതാണ്. നഷ്ടപ്പെട്ടതായി കണ്ടെത്തിയ രസീത് ബുക്കുകളുടെ നമ്പർ പരിശോധിച്ചതിൽ, അവ 1993-94, 2004-2007 എന്നീ കാലഘട്ടങ്ങളിലേതാണെന്നു അനുമാനിക്കുന്നു. ഇത്രയും കാലം മുൻപുള്ള രസീത് ബുക്കുകൾ നഷ്ടപ്പെട്ടതിനു 2016 ൽ ചാർജ്ജെടുത്ത താൻ ഉത്തരവാദിയാകുന്നില്ല. മാത്രമല്ല, ഇത് സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗവും സെക്രട്ടറിയേറ്റ് ധനകാര്യവകുപ്പും മുൻപ് നടത്തിയ ആനുകാലിക പരിശോധനകളിലൊന്നും ഇത്രയും ബുക്കുകൾ നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിരുന്നില്ല. അതിനാൽ തന്നെ ഇവ നഷ്ടപ്പെട്ട വിവരം 2018 ലെ പരിശോധനയിലാണ് തനിക്ക് അറിയാൻ കഴിഞ്ഞത്. താനോ തന്റെ കീഴിലുള്ള ഉദ്യോഗസ്ഥരോ കൈപ്പറ്റിയ ഒരു രസീത് ബുക്കുപോലും നഷ്ടമായിട്ടില്ല. ഇക്കാര്യം ധനകാര്യ പരിശോധന വിഭാഗം ഉദ്യോഗസ്ഥരോട് പലതവണ വ്യക്തമാക്കിയതാണ്. 2016 നവംബർ മാസം മാത്രം തന്റെ സെക്ഷനിലേക്കു മാറ്റപ്പെട്ട വിഷയത്തിലെ, 1995 വർഷം മുതലുള്ള രജിസ്റ്ററുകൾ. 2015 ന് മുൻപുള്ള ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ, അക്കാലങ്ങളിൽ വിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ തന്റെ സെക്ഷനിൽ ലഭ്യമല്ലെന്നും അവ ബന്ധപ്പെട്ട സെക്ഷനുകളിലാണ് ലഭിക്കുക എന്നറിയിച്ചിട്ടും പരിശോധനവിഭാഗം ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നോ ഈ വിഷയം നേരത്തെ കൈകാര്യം ചെയ്ത സെക്ഷനിൽ നിന്നോ ഈ വിവരങ്ങൾ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. പകരം 2016 ൽ മാത്രം ചാർജ് എടുത്ത തനിക്കുനേരെ ആരോപണങ്ങൾ ഉന്നയിക്കുകയാണ് ചെയ്തത്. എങ്കിലും, പരിശോധന വിഭാഗത്തിന്റെ കുറിപ്പ് ലഭിച്ച ഉടനെതന്നെ, ഈ വിവരങ്ങൾ സൂക്ഷിച്ചിരിക്കേണ്ട സെക്ഷനുകൾക്കും ഹുസൂർ ശിരസ്തദാർക്കും ഫയൽ വഴിതന്നെ അറിയിപ്പ് നൽകിയിട്ടുണ്ട്. വിഷയം 2016 നവംബറിൽ ഡി സെക്ഷനിലേക്കു മാറ്റിയപ്പോൾ, പ്രസ്തുത ക്ലാർക്ക് അന്നു വരെ കൈകാര്യം ചെയ്ത രജിസ്റ്ററുകളും ഫയലുകളും രസീതി ബുക്കുകളും സഹിതമാണ് മാറിയത്. അതിനാൽ തന്നെ ജൂനിയർ സൂപ്രണ്ടിന് ചാർജ് കൈമാറുന്ന സംവിധാനം അന്നും ഇന്നും നിലവിലില്ല. സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിനു വിരുദ്ധമായോ വിശ്വാസ്യത നഷ്ടപ്പെടുന്ന രീതിയിലോ താൻ പ്രവർത്തിച്ചിട്ടില്ല. സർക്കാർ സർവീസിൽ വളരെ ആത്മാർത്ഥമായും സത്യസന്ധമായും ജോലിചെയ്ത ജീവനക്കാരിയാണ് താൻ. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച്, തനിക്കെതിരെ തുടർ നടപടികൾ ഒഴിവാക്കണമെന്നു അപേക്ഷിക്കുന്നു.

**ii. ശ്രീമതി.ജെസ്സി.പി(മുൻ സീനിയർ ക്ലാർക്ക്)**

തനിക്കെതിരെ പുറപ്പെടുവിച്ചിട്ടുള്ള കുറ്റാരാപണ മെമ്മോയിലും അതിനാധാരമായ കുറ്റാരോപണ പത്രികയിലും ആരോപിച്ചിട്ടുള്ള എല്ലാ കുറ്റങ്ങളും യാതൊരു അടിസ്ഥാനമില്ലാത്തതും കെട്ടിച്ചമച്ചതും പൂർണ്ണമായും തെറ്റായ നിഗമനങ്ങളെ ആസ്പദമാക്കിയുള്ളതും ആകയാൽ ആയവ താൻ പൂർണ്ണമായും ശക്തിയായും നിഷേധിക്കുന്നു. പ്രസ്തുത കുറ്റാരോപണ മെമ്മോയിലും കുറ്റാരോപണപത്രികയിലും പറഞ്ഞിട്ടുള്ള യാതൊരു കുറ്റവും താൻ ചെയ്തിട്ടില്ല. ആയതിനാൽ മേൽ കുറ്റാരോപണ പത്രികയും കുറ്റാരോപണ മെമ്മോയും അടിസ്ഥാനമാക്കി യാതൊന്നുവിധ ശിക്ഷാനടപടികളും തനിക്കെതിരെ നിലനിൽക്കുകയില്ലെന്നും 1960 ലെ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള കഠിനശിക്ഷാനടപടികൾക്ക് വിധേയമാകത്തക്ക യാതൊരുവിധ കുറ്റവും താൻ ചെയ്തിട്ടില്ലെന്നും

അറിയിക്കുന്നു. കോഴിക്കോട് കലക്ടറേറ്റിലെ ക്ലർക്കായിരുന്ന ശ്രീമതി.അമർജ്യോതി എന്നവർക്കെതിരെ സി.ടി.മുനീർ ബഹു ധനകാര്യമന്ത്രിയുടെ മേൽവിലാസത്തിൽ കോഴിക്കോട് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിൽ സമർപ്പിച്ച പരാതി, ടി വിഭാഗം ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും തുടർന്ന് 08.11.2016 തീയതിയിലെ 2091/ധന.പ.വി. (NTF1) നമ്പരായി ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കോഴിക്കോട് ജില്ലാ കലക്ടർക്കു തുടർനടപടികൾക്കായി അയച്ചുതരികയും ആയത് നവംബർ 15 -ാം തീയതി Inward ൽ സ്വീകരിക്കപ്പെട്ടതുമാണ്. പ്രസ്തുത പരാതി DC Suit മുഖാന്തരം ഓൺലൈൻ ആയി എസ് 3 സെക്ഷനു ലഭിക്കുന്നത് 14.12.2016 -നാണ്. 15.12.2016 നു S3 -58980/2015 നമ്പർ ഫയൽ ആക്കി ഓൺലൈൻ ആയി തന്നെ ഹുസൂർ ശിരസ്തദാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഫയലിൽ നടപടി ഉത്തരവായി സെക്ഷനിൽ ലഭിക്കുന്നത് 29.12.2016 -ാം തീയതിയാണ്. കലക്ടറേറ്റിലെ ഫയലിംഗ് സമ്പ്രദായം DC Suit ൽ നിന്ന് ഇ ഓഫീസിലേക്ക് 2017 ജനുവരി മുതൽ മാറിയിട്ടുള്ളതാണ്. പ്രസ്തുത പരാതിയിൻമേലുള്ള റിപ്പോർട്ടിൽ ഇൻസ്പെക്ഷൻ സീനിയർ സൂപ്രണ്ട് ഒപ്പുവെച്ച തീയതി തെറ്റാണെന്ന് കാണുന്നു. 15.11.2016 തീയതിയിൽ ഈ പരാതി കലക്ടറേറ്റിൽ പോലും ലഭിച്ചിട്ടില്ലാത്തതാണ്. റിപ്പോർട്ടിനു താഴെ 16.02.2017 എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. List of Correspondence പ്രകാരം 28.01.2018-ന് ഫെയർ കോപ്പിയിലേക്ക് റിപ്പോർട്ട് മൂവ്മെന്റ് കാണുന്നു. പ്രസ്തുത റിപ്പോർട്ട് 02.10.2018 ന് ആണ് സീക്രട്ട് സെക്ഷനിലേക്ക് എത്തുന്നത്. ഇത് എസ് 3 ക്ലാർക്ക് എന്ന നിലയിൽ ഈ ഫയലിന്റെ നടപടികളിൻമേൽ തന്റെ ഭാഗത്തുനിന്നും യാതൊരു ഉദാസീനതയോ കാലതാമസമോ വന്നിട്ടില്ല എന്നത് വ്യക്തമാക്കുന്നതാണ്. മേൽ വിഷയം സംബന്ധിച്ച പരാതി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ അദാലത്തിലും ഉൾപ്പെട്ടിരുന്നതിനാൽ 04.10.2018-നു അമർജ്യോതിക്കെതിരെയുള്ള മുനീറിന്റെ പരാതിയിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അദാലത്തിൽ ഹാജരായി റിപ്പോർട്ട് നേരിട്ട് സമർപ്പിച്ചിട്ടുള്ളതാണ്. CMDRF പരിശോധനക്കായി കോഴിക്കോട് കലക്ടറേറ്റിൽ 2018 ഒക്ടോബർ 23, 24, 25 തീയതികളിൽ എത്തിയ ഫിനാൻസ് ഓഫീസർ ശ്രീ.എം.എസ്.അനിൽകുമാർ എന്ന ഉദ്യോഗസ്ഥൻ അമർജ്യോതിക്കെതിരായ സി.ടി. മുനീറിന്റെ പരാതിയെക്കുറിച്ചറിയുന്നത് തന്നെ ഹുസൂർ ശിരസ്തദാരുടെ മുറിയിലേക്ക് വിളിച്ച് അന്വേഷിച്ചപ്പോഴാണെന്ന് മനസ്സിലാകുന്നു. ടി വിവരം, ആ ഉദ്യോഗസ്ഥന്റെ മോശം പെരുമാറ്റത്തെക്കുറിച്ചു ജില്ലാ കലക്ടർക്ക് താൻ സമർപ്പിച്ച 27.10.2018 ലെ പരാതിയിൽ പരാമർശിച്ചിട്ടുള്ളതാണ്. അമർജ്യോതിക്കെതിരെയുള്ള പരാതിയിൽ താൻ നടപടി വൈകിപ്പിച്ചു എന്നുള്ള ആരോപണം തികച്ചും അടിസ്ഥാനരഹിതവും നിലനിൽക്കാത്തതുമാണ്. അമർജ്യോതിയുമായി ബന്ധപ്പെട്ട ഫയൽ അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ (ഉച്ചക്ക് 12.36ന്) സെക്ഷനിൽ കറണ്ട് ഇല്ലാത്തതിനാലാണ് ഓൺലൈനിൽ ഉള്ള ഫയൽ എടുത്തുകൊടുക്കാൻ സാധിക്കാതിരുന്നത്. 2 മണിക്ക് ശേഷം ആയത് എടുത്തു നൽകിയിട്ടുള്ളതുമാണ്. തൽസമയം ഓഫീസിൽ നിലവിലുണ്ടായിരുന്ന DC Suit, E office എന്നീ ഫയലിംഗ് സമ്പ്രദായത്തിൽ രണ്ടു രീതിയിലും നടപടികൾ തുടർന്നിരുന്നതുമാണ്. CMDRF ന്റെ അന്വേഷണത്തെ താൻ ബോധപൂർവ്വം തടസ്സപ്പെടുത്തി എന്ന വാദം നിലനിൽക്കുന്നതല്ല. CMDRF യുമായി ബന്ധപ്പെട്ട ഒരു ഫയലും കലക്ടറേറ്റിൽ പ്രസ്തുത കാലയളവിൽ താൻ കൈകാര്യം ചെയ്തിട്ടില്ലാത്തതാണ്. അമർജ്യോതിക്കെതിരെയുള്ള പരാതി സംബന്ധിച്ച ഫയൽ മൂവ്മെന്റ് തീയതികൾ പരിശോധിച്ചാൽ എസ് 3 സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ തന്റെ ഭാഗത്തുനിന്നും ചാർജ്ജ് മെമ്മോയിൽ ആരോപിക്കപ്പെടുന്ന യാതൊരു കാലതാമസവും താൻ വരുത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നതാണ്. പ്രസ്തുത ജീവനക്കാരന്റെ വിവിധ സെക്ഷനുകളിലേക്കോ ഓഫീസുകളിലേക്കോ ഉള്ള മാറ്റി നിയമനം നടത്തുന്നത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്യുന്നത് ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ ക്ലാർക്കാണ്. ഇപ്രകാരം ഒരു ജീവനക്കാരനെ ഒരു സീറ്റിൽതന്നെ നിലനിർത്തുന്നതു സംബന്ധിച്ചോ സീറ്റ് മാറ്റുന്നത് സംബന്ധിച്ചോ ഉള്ള യാതൊരു ഉത്തരവാദിത്വവും എസ് 3 ക്ലാർക്ക് എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമല്ല. ഈ സാഹചര്യത്തിൽ താൻ ടിയാനെ സംരക്ഷിച്ചു എന്ന പ്രസ്താവന ദുരുപദിഷ്ടവും അടിസ്ഥാനരഹിതവും അസംബന്ധവുമാണ്. അത് കൊണ്ട് തന്നെ ടി കുറ്റം തനിക്കെതിരെ നിലനിൽക്കുന്നതല്ല.

27.10.2018-ാം തീയതി താൻ കോഴിക്കോട് ജില്ലാ കലക്ടർക്ക് സമർപ്പിച്ച പരാതി ശ്രീ.അനിൽകുമാർ എംഎസ് എന്ന ഫിനാൻസ് വകുപ്പിലെ ഉദ്യോഗസ്ഥനെതിരെയുള്ളതാണ്. ടി പരാതി Internal Complaint Committee- യിൽ പരിഗണിക്കണമെന്നത് തന്റെ സമ്മതത്തോടുകൂടി അന്നത്തെ ജില്ലാ കലക്ടറുടെ തീരുമാനമാണ്. പരാതി വ്യാജമാണോ എന്നുള്ളത് Internal Complaint Committee റിപ്പോർട്ടും സാക്ഷിമൊഴികളും പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. കൂടാതെ പ്രസ്തുത

കാലയളവിലെ Internal Complaint Committee പ്രിസൈഡിങ് ഓഫീസറായ ശ്രീമതി.രോഷ്നി നാരായണൻ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റി- നെ ധനകാര്യവകുപ്പിലെ ശ്രീ.അനിൽകുമാർ എന്ന ഉദ്യോഗസ്ഥൻ അവഹേളിച്ചതായുള്ള പരാതിയും നിലവിലുള്ളതാണ്. ടി ഉദ്യോഗസ്ഥനെതിരെ താൻ സമർപ്പിക്കുന്ന പരാതി യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു വ്യാജ പരാതിയാണെന്ന പ്രസ്തുത ഉദ്യോഗസ്ഥന്റെ തന്നെ വാദം പൂർണ്ണമായി അംഗീകരിച്ചുകൊണ്ടു, തന്നെ കുറ്റക്കാരിയാക്കിയും താൻ നൽകിയത് വ്യാജപരാതിയാണന്നതും തന്നെപ്പോലുള്ള സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി മാത്രം നിർമ്മിച്ചിട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ പരാതി താൻ നിയമം ദുരുപയോഗം ചെയ്യതാണെന്നുള്ള കണ്ടെത്തലും തീരുമാനവും വസ്തുതാ വിരുദ്ധവും അനീതിയുമാണ്. Internal Complaint Committee റിപ്പോർട്ടിനെതിരെ ആക്ഷേപമുണ്ടെങ്കിൽ നിയമാനുസൃത അപ്പീൽ സമർപ്പിക്കുന്നതിനു പകരം നിയമവകുപ്പിലെ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന വിധത്തിൽ പരാതിക്കാരിക്കെതിരെ നടപടി സ്വീകരിക്കാനൊരുങ്ങുന്ന പ്രവൃത്തി അത്യന്തം ഹീനവും അങ്ങേയറ്റത്തെ അനീതിയും അധികാരദുർവിനിയോഗവും എല്ലാവിധ നൈതികതയുടെ ലംഘനവുമാണ്. സ്ത്രീ സംരക്ഷണത്തിന് മുൻകൈ എടുക്കേണ്ട സർക്കാറും സർക്കാർ സംവിധാനവും കുറ്റക്കാരനായ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമസംവിധാനത്തേയും നിയമത്തിലെ വ്യവസ്ഥകളേയും വളച്ചൊടിച്ച് നീതി അർഹതപ്പെട്ട പരാതിക്കാരിക്കെതിരെ നീതിനിഷേധം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ളതാണ് ഈ കുറ്റാരോപണമെമ്മോയും കുറ്റാരോപണ പത്രികയും. ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥൻ പരിശോധനക്കെത്തിയ മൂന്നു ദിവസങ്ങളിൽ താൻ അനുഭവിച്ച മാനസികപീഡനം വിവരണാതീതമാണ്. ഏറ്റവും അവസാനം യാതൊരു നിവൃത്തിയുമില്ലാതെ അന്വേഷണം പൂർത്തിയാക്കിയ തൊട്ടടുത്ത ദിവസമാണ് ബഹു.ജില്ലാ കലക്ടർ പരാതി നൽകുന്നത്. പരാതി പരിഗണിക്കുകയും പരാതിക്കാരിയായ തന്റെയും സെക്ഷനിലുണ്ടായിരുന്ന മറ്റു ജീവനക്കാരുടെയും മൊഴികൾ ശേഖരിച്ചശേഷം ഈ പരാതി POSH Act പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ തന്റെ സമ്മതം ആരാഞ്ഞ ശേഷമാണ് Internal Compliant Committee ക്ക് പരാതി കൈമാറിയത്. ഇതിൽ തന്റെ ഭാഗത്തുനിന്നും നിയമത്തെ ദുർവ്യാഖ്യാനം ചെയ്യുക എന്ന ഒരു പ്രവൃത്തിയും ഉണ്ടായിട്ടില്ല. ജില്ലാ കലക്ടറുടെ കീഴിലുള്ള ഒരു ജീവനക്കാരി എന്ന നിലക്ക് പരിശോധനക്കു വന്ന ഒരു ഉദ്യോഗസ്ഥൻ തന്റെ പരിധികൾ ലംഘിച്ചുകൊണ്ടുള്ള അധികാരദുർവിനിയോഗവും പീഡനവും പരിശോധനാ വിഷയങ്ങൾക്കപ്പുറത്തേക്കുള്ള വ്യക്ത്യധിക്ഷേപവും നടത്തിയതിൽ മനംനൊന്താണ് തന്റെ മേലുദ്യോഗസ്ഥനായ ബഹു.ജില്ലാ കലക്ടർക്ക് പരാതി സമർപ്പിച്ചിട്ടുള്ളത്. അത് ഒരു ജീവനക്കാരി എന്ന നിലയ്ക്ക് തന്റെ അവകാശമാണ്. അത് നിയമപരമായി വിനിയോഗിക്കുന്നത് കുറ്റകരമാണെന്ന് കരുതുന്നില്ല. എന്നാൽ തനിക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ താൻ പരാതി നൽകിയതിന്റെ പക തീർക്കുന്നതിന് സെക്രട്ടേറിയേറ്റിലെ പല വകുപ്പുകളിലും ഉദ്യോഗസ്ഥ ശ്രേണികളിലും വലിയ സ്വാധീനമുള്ള പ്രസ്തുത ഉദ്യോഗസ്ഥൻ തന്റെ എല്ലാ സ്വാധീനവുമുപയോഗിച്ച് തനിക്കെതിരെ പലതരത്തിൽ പരാതികൾ നല്കിയും പല വകുപ്പുകളിൽനിന്നും പരിശോധനകൾ നടത്തിച്ചും തന്റെ പരാതിയെ നിയമവകുപ്പിലുള്ള സ്വാധീനം ഉപയോഗിച്ച് ദുർവ്യാഖ്യാനം ചെയ്യിച്ച് തുടർനടപടികൾ അവസാനിപ്പിച്ചും, തനിക്കു ലഭിക്കേണ്ടുന്ന നീതി നിഷേധിച്ചും ഇപ്പോൾ ആയതിന്റെ അടിസ്ഥാനത്തിൽ അതേ പരാതിയിൽ തന്നെ കുറ്റക്കാരിയാക്കി ചിത്രീകരിക്കുകയും ചെയ്യുന്നു എന്നതാണ് ഈ കുറ്റപത്രത്തിൽനിന്നും വ്യക്തമാകുന്നത്. മേൽ ഉദ്യോഗസ്ഥൻ പരിശോധനയ്ക്കു വന്നിട്ടുള്ളത് CMDRF-മായി ബന്ധപ്പെട്ട വിഷയത്തിനാണ്. CMDRF കൈകാര്യം ചെയ്തിരുന്ന സെക്ഷനിലെ ഒരു ജീവനക്കാരനെതിരെയും പ്രസ്തുത സമയത്ത് തന്റെ സെക്ഷനിൽ ഫയൽ ഉണ്ടായിരുന്നില്ല. ടി വിഷയം താൻ കൈകാര്യം ചെയ്തിരുന്ന എസ്.3 സെക്ഷനുമായി ബന്ധപ്പെട്ടതല്ല. റെക്കോർഡ് സെക്ഷനിലെ ക്ലർക്കായിരുന്ന അമർജ്യോതിക്കെതിരെ വിവരാവകാശ പ്രവർത്തകൻ സി.ടി. മുനീർ 2016-ൽ ബഹു.ധനകാര്യവകുപ്പ് മന്ത്രിക്ക് നൽകിയ പരാതി സംബന്ധിച്ച CMDRF പരിശോധനക്കെത്തിയ ടി ഉദ്യോഗസ്ഥൻ ഹുസൂർ ശിരസ്തദാരുടെ മുറിയിലേക്ക് എന്നെ വിളിപ്പിച്ച് 'അമർജ്യോതിക്കെതിരെ എന്തെങ്കിലും പരാതി ഉണ്ടോ' എന്ന് അന്വേഷിക്കുകയും ആ സമയത്ത് താൻ പറഞ്ഞാണ് അങ്ങനെ ഒരു പരാതി ഉള്ള വിവരം ഇദ്ദേഹം അറിയുന്നത്. അതുവരെ ഈ വിഷയം അദ്ദേഹത്തിന്റെ പരിശോധനാവിഷയം ആയിരുന്നില്ല, തുടർന്നാണ് ബഹു.ജില്ലാ കലക്ടർക്ക് പരാതി കൊടുക്കേണ്ട സാഹചര്യത്തിലേക്ക് എത്തുന്ന വിധത്തിൽ ഇദ്ദേഹം തന്നോടു പെരുമാറിയത്. 2008 മുതൽ കോഴിക്കോട് കലക്ടറേറ്റിൽ ഓൺലൈൻ ഫയൽ സംവിധാനമാണ് നടന്നുവരുന്നത്. ഫയൽ സംബന്ധിച്ച പരാതികളും ഉത്തരവുകളും മറ്റ് എഴുത്തുകുത്തുകളും എല്ലാം ഓൺലൈനിൽതന്നെ ആണ് ചെയ്യുന്നത്. ഫയൽ സംബന്ധമായ

വിശദാംശങ്ങൾക്ക് കംപ്യൂട്ടർ പ്രവർത്തിപ്പിക്കേണ്ടതുണ്ട്. അമർജ്യോതിക്കെതിരെയുള്ള പരാതിയുടെ വിശദാംശങ്ങൾ എം.എസ്. അനിൽകുമാർ എന്ന ഉദ്യോഗസ്ഥൻ തന്നോട് ആവശ്യപ്പെട്ട സമയത്ത് സെക്ഷനിൽ കറന്റ് ഉണ്ടായിരുന്നില്ല. അതുകൊണ്ട് കംപ്യൂട്ടർ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ കറന്റ് വന്നശേഷം വിശദാംശങ്ങൾ നൽകാം എന്ന് താൻ പറഞ്ഞിട്ടുള്ളതും, അന്നു കറന്റ് വന്ന ഉടനെ ഫയൽ വിശദാംശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഫയൽ വിശദാംശങ്ങൾ ലഭിച്ചശേഷം ഇദ്ദേഹം കംപ്യൂട്ടർ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കപ്യൂട്ടർ പരിശോധനക്ക് സെക്ഷനിലേക്ക് വരികയും സീക്രട്ട് സെക്ഷനിലെ കംപ്യൂട്ടർ പരിശോധിക്കുകയും ചെയ്തു. തൽസമയം ഫോൺ ചെയ്തു ആരോടോ സംസാരിക്കുകയും 'താങ്കൾ പറഞ്ഞ കാര്യം ഇതിൽ ഉണ്ട് ' എന്ന് പറയുകയും ചെയിതിട്ടുള്ളതാണ്. പിന്നീട് തന്റെ മാന്വൽ പേഴ്സണൽ രജിസ്റ്റർ ആവശ്യപ്പെടുകയും, ഫയലിംഗ് ഓൺലൈൻ ആയതിനാൽ മാന്വൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നും അറിയിച്ചെങ്കിലും ആയിരക്കണക്കിനു പേജ് വരുന്ന കമ്പ്യൂട്ടർ പ്രിന്റ് ഹാജരാക്കിയില്ലെങ്കിൽ ടി ഉദ്യോഗസ്ഥൻ മുമ്പാകെ സറണ്ടർ ആവണമെന്നും അല്ലാത്തപക്ഷം ഗുരുതരമായ നടപടികൾ നേരിടേണ്ടി വരുമെന്നും തന്നെ ഭീഷണിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പരാതി നൽകിയിട്ടുള്ളത്. CMDRF-മായി ബന്ധപ്പെട്ട യാതൊരു കാര്യങ്ങളും താൻ കൈകാര്യം ചെയ്തിരുന്ന എസ്.3 സെക്ഷന്റെ പരിധിയിൽ വരുന്നില്ല. അതുകൊണ്ടുതന്നെ ഇതു സംബന്ധിച്ച എന്തെങ്കിലും ചോദ്യത്തിന് മറുപടി നല്കേണ്ടതായതോ ഫയലുകൾ അല്ലെങ്കിൽ മറ്റു രേഖകളോ നൽകേണ്ടതായതോ ആയ യാതൊരു ഉത്തരവാദിത്തവും ബാധ്യതയും നിയമപരമായോ അല്ലാതെയോ എസ്. 3 ക്ലാർക്കെന്ന നിലയിൽ തന്നിൽ അർപ്പിതമായിട്ടില്ല.

ധനകാര്യ ഇൻസ്പെക്ഷൻ (NTF) വകുപ്പിന്റെ 05.07.2023-ലെ 951 /FIW1/2018/Fin നമ്പർ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം "ബോധപൂർവ്വം മറുപടികൾ ലഭ്യമാക്കാതിരിക്കലും കുറ്റക്കാരെ സംരക്ഷിക്കലും" 3.4 ഖണ്ഡികയിൽ ആണ് തനിക്കെതിരെ പരാമർശിച്ചിട്ടുള്ളത്. ഇതേ റിപ്പോർട്ടിന്റെ ഇതേ ഖണ്ഡികയിൽ തന്നെ അന്വേഷണ കുറിപ്പ് നൽകിയ ശേഷം അമർജ്യോതിക്കെതിരായ ഫയൽ ലഭ്യമാക്കിയിട്ടുണ്ട് എന്ന് പറയുന്നു. പരിശോധനാവിഭാഗം ആവശ്യപ്പെട്ട ഫയൽ നൽകിയിട്ടില്ല എന്ന് ചാർജ് മെമ്മോയിൽ പറയുന്നതും തമ്മിൽ വൈരുദ്ധ്യമുണ്ട് .എസ് 3 സെക്ഷൻ ക്ലാർക്കായ തനിക്ക് നൽകിയ കുറിപ്പിൽ അമർജ്യോതിക്ക് എതിരായ ഫയൽ നൽകാനാണ് പറഞ്ഞിട്ടുള്ളത്. അത് അന്നേദിവസംതന്നെ നൽകിയിട്ടുള്ളതാണ്. ആയതിനാൽതന്നെ തന്റെ ഭാഗത്തുനിന്ന് വീഴ്ചവന്നതായുള്ള ആരോപണം നിലനിലിക്കുന്നതല്ല. ഒക്ടോബർ 26-ാം തീയതി സ്ക്വാഡ് അന്വേഷണം നിർത്തിപ്പോകുന്നതിന് താൻ കാരണക്കാരിയായിട്ടില്ല. തനിക്കെതിരെ ടി ഉദ്യോഗസ്ഥന്റെ പെരുമാറ്റത്തെത്തുടർന്ന് 27.10.2018 നാണ് ആണ് താൻ ബഹു. ജില്ലാ കലക്ടർക്ക് പരാതി നൽകിയിട്ടുള്ളത്. 2018 ഒക്ടോബറിൽ നടത്തിയ പരിശോധനയെ തുടർന്നുണ്ടായ ആരോപണവിധേയമായ ഫയൽ അന്നേദിവസം മണിക്കൂറുകൾക്കുള്ളിൽ നൽകിയിട്ടും നടപടികൾ വൈകിപ്പിച്ചു എന്ന ആരോപണം ഉയർത്തി തനിക്കെതിരെ കുറ്റപത്രം തയ്യാറാക്കാൻ അധികാരികൾക്ക് എട്ടു വർഷം വേണ്ടിവന്നു. ആവശ്യപ്പെട്ട ഫയൽ മൂന്നു മണിക്കൂറിനുള്ളിൽ നൽകിയിട്ടും തനിക്കെതിരെ ആരോപണം ഉന്നയിക്കുന്നതിനു പിന്നിൽ ദുരുദ്ദേശങ്ങളുള്ളതായും അധികാരദുർവിനിയോഗത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും ഭാഗമാണെന്നും സംശയിക്കുന്നു. മേൽ ഫയൽ പ്രകാരം സർക്കാരിനോ ഏതെങ്കിലും വ്യക്തിക്കോ എന്തെങ്കിലും നഷ്ടം വരുത്തിയതായി ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തിയിട്ടില്ല. ഇൻസ്പെക്ഷനു വന്ന ഉദ്യോഗസ്ഥന്റെ പെരുമാറ്റദൂഷ്യത്തിനെതിരെ താൻ പരാതി നൽകിയതിലുള്ള പ്രതികാര നടപടിയാണ് ഇതെന്ന് നിസ്സംശയം തെളിയുന്നതാണ്. Internal Complaint Committee ൽ താൻ നൽകിയ പരാതിയിൽ ഇന്നും ഉറച്ചുനിൽക്കുന്നതായും നിയമാനുസൃതമായ ഏത് അന്വേഷണത്തേയും നേരിടാൻ സന്നദ്ധയാണെണും അറിയിച്ചുകൊള്ളുന്നു. ആയതിനാൽ മേൽ വിശദീകരണപത്രിക പരിഗണിച്ചും തന്റെ നിരപരാധിത്വം അംഗീകരിച്ചും കെട്ടിച്ചമച്ച ഈ കുറ്റപത്രം അടിസ്ഥാനമാക്കിയുള്ള തുടർനടപടികൾ തനിക്കെതിരെ സ്വീകരിക്കരുതെന്നു അഭ്യർത്ഥിക്കുന്നു.

**iii.ശ്രീമതി.റോഷ്നി നാരായണൻ, ഡെപ്യൂട്ടി കളക്ടർ(റിട്ട.)**

താൻ ഡെപ്യൂട്ടി കലക്ടർ [Land Acquisition], Karipur Airport, Malappuram ആയി ജോലി ചെയ്തു വരവെ 31 03.2021-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. തനിക്ക് ലഭിച്ച കാരണം കാണിക്കൽ നോട്ടീസ് വസ്തുതാ പരമായി തെറ്റും ദുരുദ്ദേശപൂർവം തനിക്കെതിരായി കെട്ടിചമച്ചതുമാണ്. കാരണം കാണിക്കൽ നോട്ടിസിന് ഹേതുവായ സംഭവങ്ങൾ

നടന്നതിനുശേഷമാണ് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 3 ൽ ചട്ടം 59(ഡി) ചേർത്തിട്ടുള്ളത്. പരിശോധന നടന്നത് 23.10.2018 മുതൽ 26.10.2018 വരെയാണ്. പക്ഷെ റൂൾ 59 (ഡി) കേരള സർവ്വീസ് റൂളിൽ ചേർത്തത് 09.07.2019 ന് ആണ്. ടി ചട്ടത്തിന് മുൻകാല പ്രാബല്യം കൊടുത്തിട്ടില്ല. അതുകൊണ്ട് അതിന് മുൻപ് നടന്ന കാര്യം ആ നിയമത്തിന്റെ പരിധിയിൽ വരില്ല. കൂടാതെ തനിക്കെതിരായി യാതൊരു അച്ചടക്ക നടപടിയും കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞ ആരോപണപ്രകാരം എടുത്തിട്ടില്ല. റിട്ടയർ ചെയ്ത് 5 വർഷമായ തനിക്കെതിരെ യാഥാർത്ഥ്യങ്ങൾക്ക് എതിരായ വസ്തുതകൾ വെച്ചുകൊണ്ട് യാതൊരു നടപടിയും നിയമപ്രകാരം നിലനിൽക്കില്ല.

താൻ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആയി കോഴിക്കോട് കലക്ടറേറ്റിൽ ചാർജ്ജ് എടുത്തത് 03.10.2018- ലാണ്. കോഴിക്കോട് ജില്ലാ പരിശോധന വിഭാഗം പരിശോധന നടത്തുന്നത് 23.10.2018 മുതൽ 26.10.2018 വരെയാണ്. ഈ പറഞ്ഞ 2014-18 വരെയുള്ള കാലയളവിലെ CMDRF രസീത്ബുക്കുകളും കൗണ്ടർ ഫോയിലുകളും നഷ്ടപ്പെട്ടതിന്റെ ഉത്തരവാദിത്തം തന്നിൽ ചുമത്താൻ സാധ്യമല്ല. അതുകൊണ്ട് തന്നെ കാരണം കാണിക്കൽ നോട്ടിസിൽ ഒന്നാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാപരമായും നിയമപ്രകാരവും നിലിൽക്കില്ല. മാത്രവുമല്ല രസീത് ബുക്കുകളും കൗണ്ടർ ഫോയിലുകളുടെയും ചാർജ്ജ് എടുക്കുന്നതും സൂക്ഷിക്കുന്നതും ക്ലർക്ക്മാരുടെ ചുമതലയാണ്.

രണ്ടാം ഖണ്ഡികയിൽ പറയുന്ന ആരോപണങ്ങൾ വസ്തുതപരമായി തെറ്റാണ്. രസീത് ബുക്കുകളും കൗണ്ടർ ഫോയിലുകളും നഷ്ടപ്പെട്ട വിവരം ജില്ലാ ധനകാര്യ പരിശോധന വിഭാഗം തന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഉടനെ തന്നെ Charge Over Register പരിശോധിക്കാനും CMDRFവിഷയം കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും തുടർ നടപടികൾക്കും ഔദ്യോഗികമായി തന്നെ നിർദ്ദേശം നൽകുകയും ബഹു.ജില്ലാ കലക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം രസീത് ബുക്ക് നഷ്ടപ്പെട്ടതായ കാലയളവിൽ ജോലി ചെയ്തിരുന്ന ക്ലാർക്കമാർക്ക് മെമ്മോ കൊടുക്കാൻ ഉത്തരവിടുകയും വകുപ്പുതല അന്വേഷണത്തിന് ഒരു സമിതിയെ രൂപീകരിക്കുകയും ചെയ്തു: ഇതിനിടയിൽ ഫെബ്രുവരി 2019 ൽ താൻ ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെടുകയും 01.03.2019 ന് ജില്ലയിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു.

25.10.2018 ന് ധനകാര്യ പരിശോധന വിഭാഗത്തിലെ അംഗമായ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, ശ്രീ.അനിൽകുമാർ കാരണം കാണിക്കൽ നോട്ടീസിലെ മൂന്നാം ഖണ്ഡികയിൽ പറഞ്ഞ “ഫയൽ” കലക്ടറേറ്റിലെ സീക്രട്ട് സെക്ഷനിലെ ക്ലർക്കായ ശ്രീമതി.ജെസ്സിയോട് 12.30 മണിക്ക് തന്നെ ഹാജരാക്കണമെന്ന് ആവശ്യപ്പെടുകയും എന്നാൽ ഡിജിറ്റൽ ഫയൽ ആയതിനാൽ ആ സമയം കറന്റ് ഉല്ലാത്തതിനാൽ കറന്റ് വന്നതിനു ശേഷം 2.30 മണിയോടുകൂടി ആവശ്യപ്പെട്ട രേഖകൾ പ്രിന്റ് എടുത്ത് കൊടുക്കുകയും ചെയ്തു. അതുകൊണ്ട് ടി ആരോപണം വസ്തുതപരമായി നിലനിൽക്കുന്നതല്ല.

നാലാം ഖണ്ഡികയിൽ പറഞ്ഞ കാര്യങ്ങൾ ശരിയായി പഠിക്കാതെയും രേഖകൾ പരിശോധിക്കാതെയും ബന്ധപ്പെട്ട നിയമത്തിന്റെ അജ്ഞതയും മൂലം ആരോപിച്ചതാണ്. ശ്രീമതി.ജെസ്സി എന്ന ജീവനക്കാരിയോട് പരിശോധന സ്ക്വാഡിലെ അംഗമായ ശ്രീ.അനിൽകുമാർ മോശമായ രീതിയിൽ പെരുമാറുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന് സൂചിപ്പിച്ച ജില്ലാകലക്ടർക്ക് പരാതി കൊടുത്തു. അതുപ്രകാരം ജില്ലാകലക്ടർ Internal Complaint Committee മുമ്പാകെ നടപടി എടുക്കുന്ന കാര്യം പരിഗണിക്കാനായി മേൽ കമ്മിറ്റിയുടെ പ്രിസൈഡിങ് ഓഫിസർ കൂടിയായ തന്നെ ഏല്പിക്കുകയും അതുപ്രകാരം Sexual Harassment of Woman at Work Place (Prevention, Prohibition and Redressal) Act, 2013 പ്രകാരം താൻ നടപടി എടുക്കുകയാണുണ്ടായത്. അതല്ലാതെ കാരണം കാണിക്കൽ നോട്ടീസിൽ പറഞ്ഞ പ്രകാരം പരാതി എഴുതി വാങ്ങി നിയമം ദുർവിനിയോഗം ചെയ്തതല്ല. റിട്ടയർമെന്റിന് ശേഷം വിശ്രമജീവിതം നയിക്കുന്ന തന്നെ ബുദ്ധിമുട്ടിക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രം ചെയ്തിട്ടുള്ളതാണ് എന്ന് കാരണം കാണിക്കൽ നോട്ടീസിലെ ആരോപണങ്ങൾ പരിശോധിച്ചാൽ തന്നെ മനസ്സിലാകും. കാരണം കാണിക്കൽ നോട്ടീസിൽ ആരോപിച്ച കാര്യങ്ങൾ കൊണ്ട് സർക്കാരിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ല എന്ന് വ്യക്തമാണ്. നിയമാനുസരണം ചെയ്യേണ്ട എല്ലാകാര്യങ്ങളും പരിശോധന സമയത്ത് താൻ ചെയ്തിട്ടുണ്ട്. ഒക്ടോബർ 2018ന് മുമ്പും ധനകാര്യ പരിശോധന വിഭാഗവും സെക്രട്ടറിയേറ്റ് ധനകാര്യ വകുപ്പും നടത്തിയ പരിരോധനകളിലൊന്നും ഇത്രയും ബുക്കുകൾ നഷ്ടപ്പെട്ടതായി രേഖക്കെടുത്തിയിട്ടില്ല. അന്നൊന്നും ഇത്തരം യാതൊരു ആരോപണവും ഉണ്ടായിട്ടില്ല. കേരള

സർവ്വീസ് ചട്ടങ്ങൾ ഭാഗം 3 ചട്ടം 59(ഡി) പ്രകാരം നടപടി എടുക്കാൻ തക്കതായ യാതൊരു കാരണങ്ങളും മുകളിൽ സൂചിപ്പിച്ച കാരണം കാണിക്കൽ നോട്ടീസിൽ ഇല്ല. ഈ നിയമം റിട്ടയർ ചെയ്ത ജീവനക്കാരെ ദ്രോഹിക്കുവാൻ വേണ്ടിയുള്ളതല്ല. മേൽ നിയമത്തിന്റെ അർത്ഥവും, വ്യാപ്തിയും അതിന്റെ പ്രത്യാഘാതങ്ങളും മനസ്സിലാക്കാതെയാണ് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുള്ളത്. 23.10.2018 മുതൽ 26.10.2018 വരെ ഉണ്ടായ സംഭവങ്ങൾക്ക് അന്ന് യാതൊരു നടപടിയും സ്വീകരിക്കാതെ 31.03.2021 ന് റിട്ടയേർ ചെയ്തതിനു ശേഷം വീണ്ടും 5 വർഷം കഴിഞ്ഞ് ഈ കാരണം കാണിക്കൽ നോട്ടീസ് അയച്ചിരിക്കുന്നത് ദുരുദ്ദേശപരമാണ്. വളരെ യാന്ത്രികമായാണ് കാരണം കാണിക്കൽ നോട്ടീസ് അയച്ചത്. അതുകൊണ്ട് തന്നെ തുടർ നടപടികൾ നിലനിൽക്കില്ല. കൂടാതെ 15.07.2019 ന് വളരെ വ്യക്തമായി ഒരു വിശദീകരണം ജില്ല ധനകാര്യ പരിശോധന ഓഫീസർക്ക് നൽകിയിരുന്നു. അതിനുശേഷം ഒരു നടപടിയും ഉണ്ടായിട്ടില്ല. യാഥാർത്ഥ്യം ബോധ്യപ്പെട്ടപ്പോൾ തുടർ നടപടികൾ അവസാനിച്ചെന്നാണ് കരുതിയത് അതുകൊണ്ട് ഈ മറുപടി പത്രിക സ്വീകരിച്ച് തുടർ നടപടികൾ അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**3.** കുറ്റാരോപിതർ സമർപ്പിച്ച മറുപടി പത്രികകളിൻ മേൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (7) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി. ശ്രീമതി.ജെസ്സി.പി യ്ക്കെതിരെയുള്ള ആരോപണങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ലെന്നും, **CMDRF** രസീത് ബുക്കുകൾ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടപ്പോൾ വിവരം പോലീസ് അധികാരികൾക്ക് റിപ്പോർട്ട് ചെയ്തില്ല എന്നത് മാത്രമാണ് റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ ശ്രീമതി.റോഷ്നി നാരായണന്റെ വീഴ്ചയെന്നും, ടി ഉദ്യോഗസ്ഥയ്ക്കെതിരെ കേരള സർവീസ് ചട്ടങ്ങൾ ഭാഗം **3** ചട്ടം **59** (ഡി) പ്രകാരം നടപടി സ്വീകരിക്കുന്ന വിഷയം പുനഃ പരിശോധിക്കപ്പെടേണ്ടതാണെന്നും **CMDRF** രസീത് ബുക്കുകളും കൗണ്ടർ ഫോയിലുകളും നഷ്ടപ്പെട്ട വിവരം **11.05.2018** ൽ അറിയാൻ സാധിച്ചിരുന്നങ്കിലും ആയത് സെക്ഷൻ സൂപ്രണ്ടായിരുന്ന ശ്രീമതി.ബിന്ദു.ഇ, **25.10.2018** വരെ മേലുദ്യോഗസ്ഥരെ അറിയിച്ചിട്ടില്ലെന്നത് ടി ഉദ്യോഗസ്ഥയുടെ വീഴ്ചയാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഈ വിഷയം ലഭ്യമായ രേഖകളുടെയും കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ, ആയതിൻ മേലുള്ള ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി.റോഷ്നി നാരായണൻ കോഴിക്കോട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ആയി ചുമതലയേറ്റെടുക്കുന്നതിന് മുൻപ് നടന്ന സംഭവമായതിനാലും, രസീത് ബുക്കുകൾ നഷ്ടപ്പെട്ട വിവരം അറിഞ്ഞയുടൻ തന്നെ പ്രസ്തുത വിവരം ജില്ലാ കലക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതിനാലും, ടിയാൾ ചുമതലയിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും, കൂടാതെ സേവനത്തിൽ നിന്നും വിരമിച്ചിട്ട് അഞ്ച് വർഷം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഉദാര സമീപനം സ്വീകരിക്കാവുന്നതാണെന്നും ഉള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ അംഗീകരിക്കാവുന്നതാണ്. CMDRF രസീത് ബുക്കുകളും, കൗണ്ടർ ഫോയിലുകളും നഷ്ടപ്പെട്ട വിവരം 11.05.2018 ൽ അറിഞ്ഞിരുന്നെങ്കിലും 25.10.2018 വരെ പ്രസ്തുത വിവരം മേലുദ്യോഗസ്ഥരെ അറിയിക്കുന്നതിൽ സെക്ഷൻ സൂപ്രണ്ടായിരുന്ന ശ്രീമതി.ബിന്ദു.ഇയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും ടി വീഴ്ച ബോധപൂർവ്വ മല്ലാത്തതിനാലും, ടിയാൾ ഇതിനകം സേവനത്തിൽ നിന്നും വിരമിച്ച് കഴിഞ്ഞതിനാലും ടിയാളുടെ കാര്യത്തിൽ അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളാവുന്നതാണെന്നും CMDRF മായി ബന്ധപ്പെട്ട ഫയലുകൾ ശ്രീമതി.ജെസ്സി.പി കൈകാര്യം ചെയ്തിട്ടില്ലാത്തതിനാൽ ടിയാൾക്കെതിരെയുള്ള നടപടി ഉപേക്ഷിക്കാവുന്നതാണെന്നും ഉള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശകളും അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ രസീത് ബുക്കുകൾ ദുരുപയോഗം ചെയ്തത് സംബന്ധിച്ച ആരോപണത്തിൻ മേലുള്ള ധനകാര്യ പരിശോധന (എൻറ്റിഎഫ്)വകുപ്പിന്റെ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, റിട്ട.ഡെപ്യൂട്ടി കലക്ടർ ശ്രീമതി.റോഷ്നി നാരായണൻ(മുൻ ഡെപ്യൂട്ടി കലക്ടർ(ജനറൽ), ജില്ലാ കലക്ടറേറ്റ്, കോഴിക്കോട്), റിട്ട.ജൂനിയർ സൂപ്രണ്ട് ശ്രീമതി.ബിന്ദു.ഇ(മുൻ ജൂനിയർ സൂപ്രണ്ട്, ഡി സെക്ഷൻ, ജില്ലാ കലക്ടറേറ്റ്, കോഴിക്കോട്), വില്ലേജ് ഓഫീസർ ശ്രീമതി.ജെസ്സി.പി(മുൻ സീനിയർ ക്ലർക്ക്, ജില്ലാ കലക്ടറേറ്റ്, കോഴിക്കോട്)

എന്നിവർക്കെതിരെ ആരംഭിച്ചിരുന്ന വകുപ്പുതല അച്ചടക്ക നടപടികൾ ഉപേക്ഷിക്കുവാൻ തീരുമാനിച്ചുകൊണ്ടും ടി നടപടികൾ അപ്രകാരം തീർപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SOBHA V
അഡിഷണൽ സെക്രട്ടറി

സ്വീകർത്താവ്

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കലക്ടർ, കോഴിക്കോട്
3. ശ്രീമതി.റോഷ്നി നാരായണൻ, ഡെപ്യൂട്ടി കലക്ടർ (റിട്ടയേർഡ്), വാഴാതിരുത്തി, സിവിൽ സ്റ്റേഷൻ പി ഓ, കോഴിക്കോട് - ജില്ലാ കലക്ടർ കോഴിക്കോട് മുഖേന
4. ശ്രീമതി.ബിന്ദു.ഇ, ജൂനിയർ സൂപ്രണ്ട് (റിട്ടയേർഡ്) - ജില്ലാ കലക്ടർ കോഴിക്കോട് മുഖേന
5. ശ്രീമതി.ജെസ്സി.പി, വില്ലേജ് ഓഫീസർ, കുന്നമംഗലം വില്ലേജ് ഓഫീസ്, കോഴിക്കോട് - ജില്ലാ കലക്ടർ കോഴിക്കോട് മുഖേന
6. ധനകാര്യ പരിശോധന (എൻ റ്റി എഫ്) വകുപ്പ് - 05.07.2023 ലെ 951/എഫ് ഐ ഡബ്ല്യൂ എഫ് 1/2018/ധന പ്രകാരം
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പിആർ വകുപ്പ്
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Libu Babu
സെക്ഷൻ ഓഫീസർ
Date: 25-06-2026 17:12:51